LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കാസർഗോഡ് ശുദ്ധജല വിതരണ പദ്ധതിയിൽ കാസർഗോഡ് നഗരത്തിലുള്ള പൈപ്പുകൾക്ക് 20 മുതൽ 30 വർഷം വരെ കാലപ്പഴക്കം ഉള്ളവയാണ്.

(ബി) ശുദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പൈപ്പുകൾ കേടായത് ശുദ്ധയിൽപ്പെട്ടാൽ റണ്ണിംഗ് കോൺട്രാക്ട് മുഖേന സമയബന്ധിതമായി അറ്റകുറ്റപണികൾ നടത്തിവരുന്നുണ്ട്. തിരുവനന്തപുരത്തും കോഴിക്കോടും നിലവിലുള്ളതുപോലെ ബ്ലൂ ബ്രിഗേഡ് സംവിധാനം മറ്റുജില്ലകളിൽ നടപ്പിലാക്കുന്നത് പരിഗണിക്കുമ്പോൾ കാസർഗോഡും പരിഗണിക്കുന്നതാണ്.

കാസർഗോഡ് ജില്ലയിലെ കുടിവെള്ള പദ്ധതി

175 (4978) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ മുന്നാട്-ബേഡഡുക്ക വില്ലേജുകളിൽ കുടിവെള്ളം നൽകുന്നതിനുള്ള പദ്ധതിക്ക് (ARWSS to Munnad -Bedodukka Village) എന്നാണ് ഭരണാനുമതി നൽകിയിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരിച്ച് ജനങ്ങൾക്ക് കുടിവെള്ളം നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത് ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) പ്രസ്തുത പദ്ധതിക്ക് ARP-യിൽ ഉൾപ്പെടുത്തി 29-2-2008-ൽ 700 ലക്ഷം രൂപയുടെ ഭരണാനുമതി കേരള വാട്ടർ അതോറിറ്റി നൽകിയിട്ടുണ്ട്.

(ബി) പദ്ധതി പൂർത്തീകരിച്ചിട്ടില്ല. പദ്ധതിയുടെ പ്രധാന ഘടകങ്ങളായ ഇൻ ടേക്ക് വെൽ, റോ വാട്ടർ ക്ലീയർ വാട്ടർ പമ്പിംഗ് മെയിനുകൾ, ഗ്രാവിറ്റി മെയിൻ, വിതരണ ശൃംഖല തുടങ്ങിയവ പൂർത്തീകരിച്ചു. 3 എം.എൽ.ഡി. ശേഷിയുള്ള ശുദ്ധീകരണ ശാലയുടെ പ്രവൃത്തി 60% പൂർത്തീകരിച്ചു. റോ വാട്ടർ ക്ലിയർ വാട്ടർ പമ്പ്സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തിക്ക് കരാർ നൽകിയിട്ടുണ്ട്.

(സി) ഈ പദ്ധതി 03/2016-ൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അതിനാൽ പ്രവൃത്തികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.